NS(3)/35776/2018/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 29.05.2018

# സർക്കുലർ

വിഷയം: പൊതു വിദ്യാഭ്യാസം - 2017-18 അദ്ധ്യയന വർഷം പുതുതായി ആരംഭിച്ച V, VIII എന്നീ ഡിവിഷനുകളിലെ കുട്ടികൾക്ക് T.C നൽകുന്നത് - സംബന്ധിച്ച്

സൂചന:

2017-18 അദ്ധ്യയന വർഷത്തിൽ വ്യത്യസ്ത റിട്ട് ഹർജികളിലെ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകളുടെ പിൻബലത്തിൽ ധാരാളം സ്കൂളുകളിൽ V -ാം തരവും VIII-ാം തരവും ആരംഭിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നു. പ്രസ്തുത ഡിവിഷനുകളിലെ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സമ്പൂർണ്ണ പോർട്ടൽ തുറന്നു കൊടുക്കുകയും ചെയ്തിരുന്നു.

2017-18 അദ്ധ്യയന വർഷം അവസാനിച്ച സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഡിവിഷനുകളിലെ കുട്ടികൾക്ക് T.C നൽകുന്നതിനായി സമ്പൂർണ്ണ പോർട്ടലിന്റെ സേവനം ഉപയോഗിക്കാതെ മാനുവലായി വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിനും അങ്ങനെ നൽകുന്ന വിടുതൽ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും വിദ്യാഭ്യാസ ആഫീസർമാർ അടിയന്തിരമായി നൽകേണ്ടതാണ്. ഇത്തരത്തിൽ മാനുവലായി നൽകിയ T.C യുടെ അടിസ്ഥാനത്തിൽ തുടർ പഠനം നടത്തുന്ന കുട്ടികളുടെ വിവരങ്ങൾ സമ്പൂർണ്ണ പോർട്ടലിൽ പുനർ രജിസ്റ്റർ ചെയ്യുന്നതിന് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ട നടപടികൾ കൈറ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
4. സ്റ്റോക്ക് ഫയൽ